(ഡി) സ്വകാര്യമേഖലയിൽ സ്കൂൾ അനുവദിച്ചതുകൊണ്ട് ഏതെങ്കിലും ഗവൺമെൻറ് സ്കൂളുകൾ നിർത്തലാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾ ഏതെല്ലാം സ്ഥലങ്ങളിൽ ?

ഉത്തരം

(എ) മുൻ ഗവൺമെൻറുകളുടെ കാലത്ത് സ്ഥല നിർണ്ണയം നടത്തിയിരുന്നതിൽ നിന്നും 331 എയിഡഡ് സ്ക്കൂളുകളും പ്രസിഡൻറ് ഭരണകാലത്ത് സ്ഥലനിർണ്ണയം നടത്തിയ 153 സ്ഥലങ്ങളിൽ നിന്നും 119 ഉൾപ്പെടെ 293 അൺഎയിഡഡ് സ്ക്കൂളുകളും 114 ഗവൺമെൻറ് സ്കൂളുകളും ഉൾപ്പെടെ 738 സ്കൂളുകൾ ഈ ഗവൺമെൻറിൻെറ അധികാരത്തിൽ വന്നശേഷം അനുവദിച്ചിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

അടുത്ത അദ്ധ്യയന വർഷത്തിൽ നിർത്തലാക്കേണ്ടിവരുന്ന സ്ക്കൂളുകൾ

92. [142] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സർക്കാർ സ്വകാര്യമേഖലകളിൽ സ്ക്കൂളുകൾ അടച്ചുപൂട്ടേണ്ടതായി വരുമോ ; എങ്കിൽ എത്ര ;

(ബി) ഈ സ്ക്കൂളുകൾ അടച്ചുപൂട്ടാൻ കാരണമെന്താണ് ;

(സി) ഇതുമൂലം എത്ര അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെട്ടു ;

(ഡി) തൊഴിൽ നഷ്ടപ്പെടുന്ന അദ്ധ്യാപകർക്ക് മറ്റു വിധത്തിൽ സർവ്വീസിൽ തുടരാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ സ്വകാര്യ മേഖലകളിൽ സ്ക്കൂളുകളൊന്നും അടച്ചുപൂട്ടാൻ ഇപ്പോൾ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

പൊതുമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

93. [143] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു വർഷത്തിൽ പൊതുമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അൺ എക്നോമിക് എന്ന കാരണത്താൽ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.
(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകൾ സഹകാര്യമേഖലയിൽ അനുവദിക്കാൻ നടപടി

94. [144] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ പ്രൈമറി, അപ്പർ പ്രൈമറി സെക്കൻഡറി സ്കൂളുകൾ സഹകാര്യമേഖലയിൽ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോവർഷവും ഓരോ വിഭാഗത്തിലും എത്ര വീതം അനുവദിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ;

(സി) അപ്രകാരം അനുവദിച്ച സ്കൂളുകൾക്കുവേണ്ടി ഓരോ വർഷവും ചെലവായ തുകയെത്ര ?

ഉത്തരം

(എ, ബി) എയിഡഡ് സ്ക്കൂളിനുവേണ്ടി നായനാർ മന്ത്രി സഭയുടെ കാലത്ത് 465 സ്കൂളുകൾക്കുവേണ്ടി സ്ഥല നിർണ്ണയം ചെയ്ത പ്രാഥമിക ലിസ്റ്റിൽ നിന്നും ഇതിനു ശേഷം വന്ന ഇടക്കാല മന്ത്രിസഭയുടെ കാലത്ത് 275 സ്കൂളുകൾക്കുവേണ്ടി സ്ഥലനിർണ്ണയം ചെയ്ത പ്രാഥമിക ലിസ്റ്റിൽ നിന്നുമായി 1982-83 അദ്ധ്യയന വർഷത്തിൽ 152 ഹൈസ്കൂളുകളും 95 അപ്പർ പ്രൈമറി സ്കൂളുകളും 60 ലോവർ പ്രൈമറി സ്ക്കൂളുകളും 1983-84 അദ്ധ്യയന വർഷം 80 ഹൈസ്കൂളുകളും 64 അപ്പർപ്രൈമറി സ്കൂളുകളും 58 ലോവർപ്രൈമറി സ്കൂളുകളും 1984-85 അദ്ധ്യയന വർഷത്തിൽ 23 ഹൈസ്കൂളുകളും 10 അപ്പർ പ്രൈമറി സ്കൂളുകളും 7 ലോവർ പ്രൈമറി സ്കൂളുകളും 1985-86 അദ്ധ്യയന വർഷത്തിൽ 4 ഹൈസ്കൂളുകളും 1 അപ്പർ പ്രൈമറി സ്കൂളുമാണ് അനുവദിച്ചിട്ടുള്ളത്. അൺഎയിഡഡ് സ്കൂളിന് വേണ്ടി പ്രസിഡൻറിന്റെ ഭരണകാലത്തും 30-4-1982-ൽ പ്രസിദ്ധീകരിച്ച പ്രാഥമിക ലിസ്റ്റിലെ 153 സ്ഥലങ്ങളിൽ നിന്നും 119 സ്കൂളുകൾ ഉൾപ്പെടെ 1982-83 അദ്ധ്യയന വർഷത്തിൽ 1 അപ്പർ പ്രൈമറി സ്കൂളും 1 ലോവർ പ്രൈമറി സ്കൂളും അനുവദിച്ചിട്ടുണ്ട്. അൺഎയിഡഡ് സ്കൂളിനുവേണ്ടി പ്രസിഡൻറിന്റെ ഭരണകാലത്ത് 30-4-1982-ൽ പ്രസിദ്ധീകരിച്ച പ്രാഥമിക ലിസ്റ്റിലെ 153 സ്ഥലങ്ങളിൽ നിന്നും 119 സ്കൂളുകൾ ഉൾപ്പെടെ 1982-83 അദ്ധ്യയന വർഷത്തിൽ 1 അപ്പർപ്രൈമറി സ്കൂളും 1 ലോവർ പ്രൈമറി സ്കൂളും 1983-84 അദ്ധ്യയന വർഷത്തിൽ 9 ഹൈസ്കൂളും 32 അപ്പർപ്രൈമറി സ്കൂളും 78 ലോവർ പ്രൈമറി സ്കൂളും 1984-85 അദ്ധ്യയന വർഷത്തിൽ 33 ഹൈസ്കൂളുകളും 52 അപ്പർ പ്രൈമറി സ്കൂളും 56 ലോവർ പ്രൈമറി സ്കൂളുകളും 1985-86 അദ്ധ്യയന വർഷത്തിൽ 8 ഹൈസ്കൂളുകളും 11 അപ്പർ പ്രൈമറി സ്കൂളുകളും 15 ലോവർപ്രൈമറി സ്കൂളുകളും അനുവദിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly